**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1428** | **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് പ്രതിസന്ധി കാരണം മടങ്ങിയെത്തിയ പ്രവാസികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ്-19 പ്രതിസന്ധി കാരണം ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിയെത്തിയ പ്രവാസി മലയാളികളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ; | (എ) | കോവിഡ് ജാഗ്രത പോർട്ടലിലെ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് പ്രതിസന്ധി മൂലം 22.07.2021 വരെ 15,56,715 പേർ തിരികെയെത്തി. |
| (ബി) | നിലവിൽ മടങ്ങിയെത്തിയ എത്ര പ്രവാസി മലയാളികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിൽ തിരികെ പോകാൻ ആഗ്രഹം അറിയിച്ച് സർക്കാരിനെ സമീപിച്ചിട്ടുണ്ട്; | (ബി) | അനേകം പ്രവാസികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിലേക്ക് മടങ്ങിപോകുന്നതിനുള്ള തടസ്സം നീക്കാൻ സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇവരുടെ പൊതുവായ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങൾ എയർ ബബിൾ കരാർ പ്രകാരമുള്ള ഫ്ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്തു യാത്ര സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ രാജ്യങ്ങളിൽ നിന്നും പ്രവാസികൾക്ക് കേരളത്തിലേക്ക് മടങ്ങിയെത്താൻ സാധിക്കുമെങ്കിലും ആ രാജ്യങ്ങളിലെ നിലവിലുള്ള യാത്രാ വിലക്ക് മൂലം ഇന്ത്യയിൽ നിന്ന് തിരികെ പോകുവാൻ ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി കത്ത് മുഖേന കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് തിരികെ പോകുന്നതിന് പല രാജ്യങ്ങളിലും, യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ, അവർ നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം അടിയന്തിര ഇടപെടലുകൾ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | അനേകം പ്രവാസികൾ ഗൾഫ് അടക്കമുള്ള വിദേശ രാജ്യങ്ങളിലേക്ക് മടങ്ങിപോകുന്നതിനുള്ള തടസ്സം നീക്കാൻ സഹായത്തിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. ഇവരുടെ പൊതുവായ പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. ബഹ്റൈൻ, ഖത്തർ എന്നീ രാജ്യങ്ങൾ എയർ ബബിൾ കരാർ പ്രകാരമുള്ള ഫ്ലൈറ്റുകൾ ഓപ്പറേറ്റ് ചെയ്തു യാത്ര സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മറ്റ രാജ്യങ്ങളിൽ നിന്നും പ്രവാസികൾക്ക് കേരളത്തിലേക്ക് മടങ്ങിയെത്താൻ |

| | | | |
|---|---|---|---|
| | | | സാധിക്കുമെങ്കിലും ആ രാജ്യങ്ങളിലെ നിലവിലുള്ള യാത്രാ വിലക്ക് മൂലം ഇന്ത്യയിൽ നിന്ന് തിരികെ പോകുവാൻ ഏറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. ഈ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കണ്ടെത്താൻ നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി കത്ത് മുഖേന കേന്ദ്ര വിദേശകാര്യ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ